F.Y.
March 2014

Reg. No. ..........................

Name ..........................

702

HSSLIVE

## Part - II

## മലയാളം (Malayalam)

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന്തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. വിലയിരുത്തുക.

''കളിയും ചിരിയും കരച്ചിലുമായ്
ക്കഴിയും നരനൊരു യന്ത്രമായാൽ
അംബ പേരാറേ,നീ മാറിപ്പോമോ
ആകുലയാമൊരഴുക്കു ചാലായ്''

(കുറ്റിപ്പുറം പാലം)

''ഞാനാലോചിച്ചു പോയി എത്ര നിറങ്ങളാണ് എത്ര ഗന്ധങ്ങളാണ് എത്ര വിസ്മയങ്ങളാണ് എനിക്കു നഷ്ടപ്പെട്ടത്.''

(കണ്ണാന്തളിപ്പൂക്കളുടെ കാലം)

മാറി വരുന്ന ജീവിത രീതിയും കാഴ്ചപ്പാടുകളും പ്രകൃതിയെ എത്രമാത്രം കടന്നാക്രമിക്കുന്നു എന്ന് പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തുക.

(ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) (8)

2. കത്ത് എഴുതുക.

'നോവിക്കല്ലേ' എന്ന അനുഭവക്കുറിപ്പിലൂടെ പകർന്നു നല്കുന്ന വൈകാരികത പങ്കിട്ടുകൊണ്ട് സുഗതകുമാരിക്ക് ഒരു കത്ത് എഴുതുക.

(അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) (4)

3. വിശദീകരിക്കുക.

ഓരോ യാത്രാ വിവരണവും വ്യത്യസ്ത വായനാനുഭൂതിയാണ് പകർന്നു നല്കുന്നത്. 'ശ്മശാന ഭൂമികൾ', 'കയറ്റം വീണ്ടും കയറ്റം' എന്നീ പാഠങ്ങളെ ആസ്പദമാക്കി വിശദമാക്കുക.

(ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) (8)

4. ഉപന്യാസം തയ്യാറാക്കുക.

"അപരന്റെ ദാഹത്തിനെന്റെതിനെക്കാളു
മധികമാം കരുതലും കരുണയും കുടിപാർക്കു-
മൊരു വീടെനിക്കുണ്ടതിൻ കൊച്ചു തിണ്ണമേൽ
വെറുതേയിരുന്നു ഞാൻ പാടുന്നു-വിഹ്വല-
നിമിഷങ്ങളെ, നിങ്ങളീ വീടൊഴിയുക!
നിറവാർന്ന കേവലാഹ്ലാദമേ, പോരിക!".

(വീടുകൾ-ഓ.എൻ.വി. കുറുപ്പ്)

വിശ്വപൗരത്വം എന്ന ആശയത്തിന്റെ കാലികപ്രസക്തി മേൽ ഉദ്ധരിച്ച കാവ്യഭാഗത്തെ അടിസ്ഥാനമാക്കി ഉപന്യസിക്കുക. കവിതയിലെ മറ്റ് ആശയങ്ങളും പ്രയോജനപ്പെടുത്താം.

(ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) (8)

5. ചർച്ച ചെയ്യുക.

'മായാമയൻ' എന്ന ചെറുകഥയിലെ ഉപഭോഗസംസ്ക്കാരത്തിന്റെ ഇരയായ ഉണ്ണികൃഷ്ണനും സ്നേഹ പരിഗണനകൊണ്ട് പശ്ചാത്തപിക്കുന്ന 'കള്ളൻ' എന്ന കഥയിലെ കള്ളനും വ്യത്യസ്ത സാമൂഹികപ്രശ്നങ്ങളാണ് അവതരിപ്പിക്കുന്നത്. ചർച്ചചെയ്യുക.

(ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) (8)

6. ഭാവതലം വിശദീകരിക്കുക.

''അകക്കോവിലിലുള്ളോരു
വിളക്കിൻ പ്രതിബിംബമായ്
അനങ്ങാതെ തിരിത്തുമ്പ-
ത്തിരിക്കും സർവ്വസാക്ഷി താൻ''

'ദീപം' എന്ന കവിതയിലെ മേൽ ഉദ്ധരിച്ചിട്ടുള്ള വരികളുടെ ഭാവതലം വിശദമാക്കുക.

(അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) **(4)**

7. വിശദീകരിക്കുക.

''പതിനഞ്ച് വയസ്സിലാണ് എന്റെ കല്യാണം. വയസ്സറിയിച്ച് മൂന്നു മാസം കഴിയ്മ്പഴാണ് അവര് പെണ്ണ് കാണാൻ വരണത്. മാമനെ കൂട്ടി അവര് വര്മ്പഴ് ഞാൻ കോറക്കാട്ടില് ആടിനെ മേയ്ക്ക്യാണ്. എനിക്ക് കല്യാണം ന്നൊക്കെ വെച്ചാല് എന്താണെന്ന് കൂടി അറിയില്ല. അയ്യൻ പറഞ്ഞത് മാരിമുത്തുവിന് ശമച്ചു പോടാനാണ് എന്നെ കെട്ടണത് എന്നായിരുന്നു. അയ്യാള് ആര് ശമച്ചു പോട്ടീട്ടാണ് ഇത്രകാലം തിന്നത് എന്നായിരുന്നു എന്റെ സംശിയം''.

(വാഴ്കയിലെ പോരാട്ടം-മയിലമ്മ)

''എത് തെണ്ട്ന്ണ്ടാ അവിടെ ദയിര്യണ്ടങ്ങ്യ വാടാ. ഇത് കോക്കാഞ്ചറ മറ്റിയാണ്. എന്റെ ക്ടാവിനെ പേടിപ്പിച്ചാല്ണ്ടല്ല. നിന്നെ ഞാൻ എത്തിയ്ക്കണ്ടോടത്താ എത്തിക്കും''.

(ഒഴക്ക് കഞ്ഞെർള്ളം)

തീവ്രമായ വികാരങ്ങൾ അനുഭവിപ്പിക്കുവാൻ നാട്ടുമൊഴിയുടെ പ്രയോഗം എത്രമാത്രം പര്യാപ്തമാണന്ന് 'ഒഴക്ക് കഞ്ഞെർള്ളം' എന്ന പാഠഭാഗവും മയിലമ്മയുടെ ആത്മാംശഖണ്ഡവും പരിശോധിച്ച് വിശദമാക്കുക.

(ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) **(6)**

8. വിശദീകരിക്കുക.

നിത്യമല്ലേതുമേ ദേഹാദികളിതു
നിത്യനാകുന്നതു നിശ്ചയമീശ്വരൻ
ചത്തും പിറന്നുമിരിക്കുമിജ്ജന്തുക്കൾ
ചിത്തേ സുഖദുഃഖമെന്തിന്നതിന്നഹോ

തത്വചിന്ത അവതരിപ്പിക്കുന്നതിൽ എഴുത്തച്ഛനുള്ള പാടവം തന്നിട്ടുള്ള വരികളെ ആസ്പദമാക്കി വിശദമാക്കുക.

(അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) **(4)**

9. ആമുഖ പ്രസംഗം തയ്യാറാക്കുക.

നിങ്ങളുടെ സ്കൂളിലെ സാഹിത്യസമാജത്തിന്റെ ആഭിമുഖ്യത്തിൽ കീചകവധം കഥകളി അവതരിപ്പിക്കുന്നു. പ്രസ്തുത പരിപാടിയിൽ കഥകളിയെ പരിചയപ്പെടുത്തിക്കൊണ്ടുള്ള ഒരു ആമുഖപ്രസംഗം തയ്യാറാക്കുക.

(ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) **(6)**

10. വിലയിരുത്തുക.

'സംഘട്ടനാത്മകമായ സംഭാഷണമാണ് നാടകത്തിന്റെ കാതൽ'. എന്ന നിരീക്ഷണത്തെ അടിസ്ഥാനമാക്കി 'പടയൊരുക്കം' എന്ന പാഠഭാഗത്തിലെ കഥാപാത്രങ്ങളുടെ സംഭാഷണ മികവ് വിലയിരുത്തുക.

(ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) **(6)**

11. വിശകലനം ചെയ്യുക.

''വാങ്ങുക കുടിക്കുക<br>
പുറത്തേക്കെറിയുക<br>
ജീവിതം നിറച്ചൊരി<br>
ക്കൂടുകൾ നാളേക്കില്ല''.

(മാമ്പഴക്കാലം)

''ന്നാല് പ്ളാസ്റ്റിക് കൊണ്ട് ഒരു ഇട്ടുണ്ണി നായരെ ഉണ്ടാക്കിത്തരൂ. പ്ളാസ്റ്റിക് കൊണ്ടായാല് വെശപ്പും ദാഹോം അറിയില്ലല്ലോ. മനസ്സിന്റെ വേദനേം അറിയില്ലല്ലോ''......

(പ്ളാസ്റ്റിക്)

വർത്തമാന കാലത്തിലെ മനുഷ്യന്റെ നിസ്സഹായതയും വേവലാതിയും ശക്തമായി ആവിഷ്ക്കരിക്കാൻ ശ്രമിച്ച കൃതികളാണ് 'മാമ്പഴക്കാലവും' 'പ്ളാസ്റ്റിക്കും'. രണ്ടു കൃതികളിലെയും കഥാപാത്രങ്ങളെ വിശകലനം ചെയ്ത് വ്യക്തമാക്കുക.

(ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) **(8)**

12. വിശദീകരിക്കുക.

'വിഷയത്തിന്റെ നൂതനത്വം ചിത്രത്തിന് ഒരു വിഘ്നവും കവിതയ്ക്ക് ഭൂഷണവുമത്രേ'. സ്വാഭിപ്രായം വിശദീകരിക്കുക.

(അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) **(4)**

13. മുഖപ്രസംഗം തയ്യാറാക്കുക.

ഈ അടുത്ത കാലത്തായി വർദ്ധിച്ചുവരുന്ന ബാലപീഡനത്തെക്കുറിച്ച് ദിനപത്രത്തിനുവേണ്ടി ഒരു മുഖപ്രസംഗം തയ്യാറാക്കുക.

(ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക) **(6)**

HSSLIVE